**ശ്രദ്ധക്ഷണിക്കൽ**

(1) എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, പാഠഭാഗങ്ങൾ പൂർത്തിയാക്കി എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ സുഗമമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ ബോധപൂർവ്വം നടത്തിക്കൊണ്ടുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് പ്രത്യേകമായി ശ്രദ്ധക്ഷണിക്കൽ നടത്തുന്നത്. കോവിഡ്-19 പ്രതിസന്ധി ഏറ്റവും വലിയ രൂപത്തിൽ പ്രയാസം സൃഷ്ടിച്ച വിഭാഗമാണ് വിദ്യാർത്ഥികൾ. അത്തരമൊരു സാഹചര്യത്തിൽ നമ്മുടെ വിദ്യാഭ്യാസ മേഖല എങ്ങനെ മുന്നോട്ടുകൊണ്ടുപോകണമെന്നതിന്റെ ആശങ്ക നമുക്ക് എല്ലാവർക്കുമുണ്ടായിരുന്നു. ആ ആശങ്കകൾ പരിഹരിച്ചുകൊണ്ടാണ് ശരിയായ നിലയിൽ ക്രിയാത്മകമായി നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപിച്ച് സംസ്ഥാന ഗവൺമെന്റ് ശരിയായ അർത്ഥത്തിൽ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധമായിട്ടുള്ളത്. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ

നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് വലിയ ആശങ്കകൾ മുന്നോട്ട് വച്ചപ്പോൾ വിവിധ അഭിപ്രായങ്ങൾ സമൂഹത്തിന്റെ പല കോണുകളിൽ നിന്നും ഉയർന്നുവരുന്ന സ്ഥിതിയുണ്ടായി. അദ്ധ്യയന വർഷം സീറോ ഇയർ ആയി കണക്കാക്കണം, പരീക്ഷ പൂർണ്ണമായും ഒഴിവാക്കണം, എല്ലാപേരെയും വിജയിപ്പിച്ച് പ്രമോട്ട് ചെയ്ത് അയയ്ക്കണം എന്നീ അഭിപ്രായങ്ങൾ അതിശക്തമായി പലകോണുകളിൽ നിന്നും ഉയർന്നുവരുന്ന നിലയുണ്ടായി. എന്നാൽ ഇത്തരത്തിലുള്ള സാഹചര്യം വിശകലനം ചെയ്ത് എല്ലാതലത്തിൽ നിന്നും ഉയർന്നുവന്ന അഭിപ്രായങ്ങളെ ഏകോപിപ്പിച്ച് സമഗ്രതയാർന്ന വിശകലനങ്ങൾക്ക് വിധേയമാക്കിക്കൊണ്ടാണ് നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ശരിയായ അർത്ഥത്തിൽ മുമ്പോട്ടുനയിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. മികച്ച നെറ്റ് വർക്ക് സൗകര്യങ്ങളേർപ്പെടുത്തി ഓൺലൈൻ വിദ്യാഭ്യാസമെന്ന സങ്കൽപ്പത്തെ കേരളത്തിൽ ശരിയായ നിലയിൽ നടപ്പിലാക്കാൻ നമ്മുടെ ഗവൺമെന്റിന് സാധിച്ചു. ഇന്ന് കോവിഡ് സാഹചര്യത്തിൽ തന്നെ, നിലനിൽക്കുന്ന പ്രതിസന്ധികൾക്കിടയിലൂടെത്തന്നെ നമ്മുടെ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ ആരംഭിച്ചിരിക്കുകയാണ്. 17185 സ്കൂളുകളിലെ 46

ലക്ഷത്തിലധികം വരുന്ന വിദ്യാർത്ഥികൾ സാധാരണനിലയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാന കാലമാണ് ഈ കാലം. ഉയർന്നുവരുന്ന പ്രശ്നങ്ങൾ അവധാനതയോടെ പഠിച്ച് ഈ അക്കാദമിക് ദിനങ്ങൾ ആരംഭിക്കുന്ന സന്ദർഭത്തിൽതന്നെ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഈ പ്രശ്നത്തെ ഏറ്റവും ശരിയായ രീതിയിൽ പരിഹരിക്കാനുള്ള എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ടെന്നുള്ളതാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ സ്കൂൾ തുറന്നപ്പോൾ ആദ്യദിനം തന്നെ ശരാശരി 82.77 ശതമാനം വിദ്യാർത്ഥികൾ ക്ലാസിൽ ഹാജരാകുന്ന നിലയുണ്ടായി. സ്കൂൾ ആരംഭിക്കുന്നതിന്റെ മുന്നോടുക്കം സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽതന്നെ സ്കൂളുകളിൽ പ്രത്യേകമായി ഏറ്റെടുക്കാനും ശുചീകരണ പ്രവർത്തനങ്ങളും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താനും ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിച്ചു. ഇന്നത്തെ പ്രത്യേകമായ ഈ സാഹചര്യത്തിൽ ഫോക്കസ് ഏര്യയെ സംബന്ധിച്ചും നടന്ന ക്ലാസുകളുടെ എണ്ണത്തെ സംബന്ധിച്ചും പരീക്ഷയുമായി നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങളെ സംബന്ധിച്ചും നമുക്ക് തീർച്ചയായും

വ്യക്തത വരുത്തി മുന്നോട്ട് പോകേണ്ടതുണ്ട്. ഈ നിലയിൽ അവ്യക്തത സൃഷ്ടിക്കുന്ന എല്ലാ തരത്തിലുള്ള പ്രചാരവേലകളെയും മാറ്റുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക്ക് പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻവേണ്ടി പോകുന്ന കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമാക്കാൻ സാധിക്കുമോ എന്നതാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, എസ്.എഫ്.ഐ.- യുടെ സംസ്ഥാന നേതാവായിട്ടുള്ള പ്രിയപ്പെട്ട ശ്രീ. കെ. എം. സച്ചിൻദേവ് കൊണ്ടുവന്ന ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം വളരെ പ്രധാനപ്പെട്ടയൊന്നാണ്. എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസുകൾ 2021 ജൂൺ 1-ന് തന്നെ ആരംഭിച്ചത് നമുക്കെല്ലാവർക്കുമറിയാം. കോവിഡ്-19 മഹാമാരിമൂലം സ്കൂളുകളിൽ നേരിട്ടുള്ള അദ്ധ്യയനം സാധ്യമല്ലാതിരുന്നതുമൂലം ക്ലാസുകൾ കൈറ്റ്, വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും ജി-സ്യൂട്ട് വഴിയുള്ള ഓൺലൈൻ ക്ലാസുകളിലൂടെയും ഫലപ്രദമായി നടത്തിയിട്ടുണ്ട്.

ഇന്ത്യാരാജ്യത്ത് ഓൺലൈൻ ഡിജിറ്റൽ വിദ്യാഭ്യാസം നടത്തിയ ഏക സംസ്ഥാനം കേരളമാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നേരിട്ടുള്ള അദ്ധ്യയനം 2021 നവംബർ 1-ന് ആരംഭിച്ചു. 2022 ഫെബ്രുവരി 21-ാം തീയതി മുതൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി സാധാരണ നിലയിൽ രാവിലെ മുതൽ വൈകുന്നേരം വരെ എന്നരീതിയിലുള്ള സ്കൂളുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ പൊതുഅവധി ദിവസങ്ങൾ ഒഴികെയുള്ള എല്ലാ ശനിയാഴ്ച്കളും പ്രവൃത്തി ദിവസമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ശനിയാഴ്ച്കളിലും സ്കൂൾതല റിസോഴ്സ് ഗ്രൂപ്പുകൾ ചേർന്ന് പാഠഭാഗങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് ചർച്ച ചെയ്യുകയും കുട്ടികളുടെ പഠന നേട്ടം ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുകയാണ്. പാഠഭാഗങ്ങൾ പൂർത്തിയാക്കി എസ്.എസ്.എൽ.സി. ഹയർ സെക്കൻഡറി പരീക്ഷകൾക്ക് കുട്ടികളെ തയ്യാറാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട് അതിനുവേണ്ടിയുള്ള തയ്യാറെടുപ്പിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ്. പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പാഠഭാഗങ്ങൾ ഫെബ്രുവരി 28-നകം പൂർത്തീകരിക്കാൻ

കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഇന്നിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ 'തിരികെ സ്കൂളിലേക്ക് ' എന്ന പേരിൽ നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ ഇറക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. മുൻ വർഷത്തേക്കാൾ അദ്ധ്യയന സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അർഹതയ്ക്കനുസരിച്ച് വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കേണ്ടതിനാലും ഫോക്കസ് ഏര്യ സംബന്ധിച്ചും പരീക്ഷയെ സംബന്ധിച്ചും വിദഗ്ദ്ധ അഭിപ്രായം പരിഗണിച്ച് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്. എല്ലാ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ക്ലാസുകൾ നടക്കുന്നത്. സ്കൂളുകൾ വൃത്തിയാക്കലും അണുനശീകരണ ഗതാഗതസംവിധാനം ഉൾപ്പെടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നേരത്തെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ നടത്തിയിട്ടുണ്ടായിരുന്നു. എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളുമായി ബന്ധപ്പെട്ട് ഓരോ അദ്ധ്യാപകനും ഓരോ വിഷയത്തിന്റെയും പ്ലാൻ തയ്യാറാക്കി, എത്രശതമാനം പാഠഭാഗങ്ങൾ പൂർത്തീകരിച്ചുവെന്നത് സംബന്ധിച്ച റിപ്പോർട്ട് പ്രഥമ അദ്ധ്യാപകൻ

പ്രിൻസിപ്പാൾമാർ മുഖേന ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുകയും ആയത് ക്രോഡീകരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ആർ.ഡി.ഡി.മാർ, എ.ഡി.മാർ വിദ്യാഭ്യാസ ഡയക്ടർക്ക് എല്ലാ ആഴ്ചയും നൽകുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനമികവ് പരിഹരിക്കുവാൻ എസ്.എസ്.കെ.യുടെയും എൻ.എസ്.എസ്.-ന്റെയും നേതൃത്വത്തിലും പരിഹാരബോധന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദിവാസി മേഖലകളിലും തീരപ്രദേശ മേഖലകളിലും വിദ്യാർത്ഥികളുടെ വീടുകളിൽ  എത്തി പഠന പിന്തുണ നൽകുന്നതിനുള്ള ശ്രമങ്ങൾ സജീവമായി നടന്നുവരികയാണ്. ഉന്നതവിദ്യാഭ്യാസത്തിനുള്ള പ്രവേശന പ്രക്രിയയിൽനിന്ന് കേരളത്തിലെ കുട്ടികൾ പുറത്താകാതിരിക്കുക എന്നലക്ഷ്യത്തോടെ സമയബന്ധിതമായി പൊതുപരീക്ഷകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി മാതൃകാ പരീക്ഷകൾ 2022 മാർച്ച് മാസം 16-ന് തുടങ്ങി മാർച്ച് മാസം 21-ന് അവസാനിക്കുന്നതാണ്. എസ്.എസ്.എൽ.സി. പരീക്ഷ 2022 മാർച്ച് മാസം 31-മുതൽ ഏപ്രിൽ മാസം 29 വരെയും രണ്ടാംവർഷ ഹയർസെക്കണ്ടറി, വെക്കേഷണൽ

ഹയർസെക്കണ്ടറി പരീക്ഷകൾ മാർച്ച് മാസം 30 മുതൽ ഏപ്രിൽ മാസം 22 വരെയും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മാർച്ച് 21 മുതൽ 29 വരെയുള്ള തീയതികളിൽ ചോദ്യപേപ്പർ സംബന്ധിച്ചുള്ള സംശയനിവാരണത്തിനായി വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന രൂപത്തിൽ കാര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഒന്നാംവർഷ പരീക്ഷ സംബന്ധിച്ച് താമസിയാതെതന്നെ തീരുമാനം എടുക്കുന്നതാണ്. പരീക്ഷ നടത്തിപ്പ് സംബന്ധിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഒരു വിദ്യാർത്ഥിക്ക് എസ്.എസ്.എൽ.സി.-ക്ക് 9 പരീക്ഷകളും ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയൽസെക്കണ്ടറി എന്നിവയ്ക്ക് 6 പരീക്ഷകളുമാണുള്ളത്. അതിനാൽതന്നെ പരീക്ഷകൾക്കിടയിൽ ആവശ്യമായ ഇടവേളകൾ നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം പൂർണ്ണതോതിലുള്ള നേരിട്ടുള്ള അദ്ധ്യയനം നടത്തുവാൻ സാധിക്കുന്നില്ല എന്ന വസ്തുത പരിഗണിച്ച് പാഠഭാഗങ്ങളുടെ ആപേക്ഷിക പ്രാധാന്യത്തിൽ ഊന്നൽനൽകി പുനഃക്രമീകരിച്ച് ഫോക്കസ് ഏരിയ രീതി ഇത്തവണയും തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ വിഷയത്തിലെയും ആകെ പാഠഭാഗത്തിന്റെ 60 ശതമാനം ഫോക്കസ് ഏരിയ ആയി നിശ്ചയിക്കുകയും അതിൽനിന്ന് 70

ശതമാനം സ്കോർ ലഭിക്കുംവിധം ചോദ്യങ്ങൾ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 50 ശതമാനം അധിക ചോദ്യങ്ങളും ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഖിലേന്ത്യാതലത്തിലുള്ള മത്സരപരീക്ഷകൾക്കും മത്സരാധിഷ്ഠിതമായുള്ള പ്രവേശനം നടത്തുന്ന ഇതരസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നമ്മുടെ കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നതിന് മുഴുവൻ പാഠഭാഗങ്ങളും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമായതിനാൽ ഫോക്കസ് ഏരിയയ്ക്ക് പുറമേയുള്ള ഭാഗങ്ങൾകൂടി പഠിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ ഫോക്കസ് ഏരിയയ്ക്ക് പുറത്തുനിന്നും 30 ശതമാനം മാർക്കിനുള്ള ചോദ്യങ്ങളും നൽകുന്നതായിരിക്കും. ഉന്നതപഠനത്തിന് പോകുമ്പോൾ നിങ്ങൾ പഠിക്കുന്ന കോഴ്സുകളിൽ പഠനവിടവ് ഉണ്ടായാൽ അത് വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുമെന്നതിനാലാണ് വിദ്യാർത്ഥികളുടെ നിലവാരത്തിനനുസരിച്ച് സ്കോർ ചെയ്യാൻ കഴിയുന്നതരത്തിൽ ഫോക്കസ് ഏരിയ നിശ്ചയിച്ചിട്ടുള്ളത്. ഫോക്കസ് ഏരിയയെ സംബന്ധിച്ച് തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ചിലർ ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഇന്നലെ കോടതി

ആ ആവശ്യം തള്ളിക്കളയുകയാണ് ഉണ്ടായിട്ടുള്ളത്. പ്രാക്ടിക്കൽ പരീക്ഷകൾ സൗകര്യപ്രദമായ രീതിയിൽ തീയറി പരീക്ഷയ്ക്കുശേഷം നടത്തുന്നതായിരിക്കും. പ്രാക്ടിക്കൽ പരീക്ഷ പൊതുപരീക്ഷയ്ക്കുശേഷമായതിനാൽ പാഠഭാഗങ്ങൾ കൂടുതൽ സമയമെടുത്ത് പഠിച്ച് തീർക്കുന്നതിന് കുട്ടികൾക്ക് കൂടുതൽ പഠനസമയം ലഭിക്കുന്നതിന് അവസരങ്ങളുണ്ട്. കോവിഡ് മഹാമാരിമൂലം എല്ലാമേഖലയിലും പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സമയബന്ധിതമായി വിദ്യാഭ്യാസ പ്രക്രിയകൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികളും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾക്കോ രക്ഷിതാക്കൾക്കോ വിദ്യാഭ്യാസ പ്രവർത്തകർക്കോ പരീക്ഷകളുമായി ബന്ധപ്പെട്ടും ഫോക്കസ് ഏരിയയുമായി ബന്ധപ്പെട്ടും ചില കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവന്നിട്ടുള്ള സംശയങ്ങൾക്ക് ഒരാശങ്കയും വേണ്ട എന്നുള്ള കാര്യംകൂടി ഞാനിവിടെ ഓർമ്മപ്പെടുത്തുകയാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, കഴിഞ്ഞ എസ്.എസ്.എൽ.സി. പ്ലസ്ടു പൊതുപരീക്ഷയുമായി ബന്ധപ്പെട്ട് നൽകിയ ചോദ്യപേപ്പറുകളുടെ

കാര്യത്തിൽ വളരെ ആത്മവിശ്വാസത്തോടുകൂടി വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുവാൻവേണ്ടി കഴിയാവുന്നവിധത്തിലുള്ള ക്രമീകരണം ഉണ്ടാക്കിയെടുക്കണം. ഒരുതരത്തിലുള്ള ആക്ഷേപവും ചോദ്യപേപ്പറുമായി ബന്ധപ്പെട്ട് കഴിഞ്ഞ പൊതുപരീക്ഷയുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ ചോദ്യപാറ്റേൺ നിശ്ചയിച്ചതിൽ അപാകതകൾ ഉള്ളതായി പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ വർഷത്തെ അക്കാദമിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഫോക്കസ് ഏരിയ സംബന്ധിച്ചുള്ള തീരുമാനം എടുത്തിട്ടുള്ളതെന്നുള്ള കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. ഫോക്കസ് ഏരിയയ്ക്കുള്ളിൽനിന്ന് 70 ശതമാനം മാർക്കുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തുമെന്നും അത് 50 ശതമാനം അധികം ചോദ്യങ്ങൾ ചോദിക്കാമെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് 105 ശതമാനം ചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽനിന്നും 45 ശതമാനം ചോദ്യങ്ങൾ ഫോക്കസ് ഏരിയയ്ക്ക് പുറത്തുനിന്നും ഉണ്ടാകും. ചോദ്യ പാറ്റേൺ തയ്യാറാക്കിയത് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിലാണ്.

ചോദ്യപേപ്പർ പാറ്റേൺ തയ്യാറാക്കിക്കഴിഞ്ഞാൽ അതിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടാതിരിക്കുവാൻ പിന്നീടത് വിലയിരുത്തലിന് വിധേയമല്ല. ചോദ്യങ്ങളുടെ നിലവാരം പരിശോധിച്ച് മൂല്യനിർണ്ണയ മാനദണ്ഡങ്ങളിൽ മാറ്റംവേണമെന്ന് തീരുമാനിക്കുന്നത് സ്കീം ഫൈനലൈസേഷൻ സമയത്താണ്. അപ്പോൾ ശ്രദ്ധയിൽ വരുന്ന കാര്യങ്ങളെക്കുറിച്ച് സ്കീം ഫൈനലൈസ് ചെയ്യുന്നതിനാൽ അക്കാര്യത്തിൽ വിദ്യാർത്ഥികൾക്ക് ഒരാശങ്കയും വേണ്ട എന്നുള്ള കാര്യംകൂടി സൂചിപ്പിക്കുകയാണ്.

(2) <u>മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കൽ</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ, കാർഷിക ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്ന് ലോൺ എടുത്തതായിട്ടുള്ള സാധാരണക്കാരായിട്ടുള്ള കർഷകരും ആളുകളും വ്യാപകമായ രീതിയിൽ ജപ്തിഭീഷണിയെ നേരിടുകയാണ്. സർഫാസി നിയമത്തിന്റെ അടിച്ചേൽപ്പിക്കൽ, റിക്കവറി നോട്ടീസുകൾ, അതിന്റെ അറിയിപ്പുകൾ ലഭ്യമാക്കൽ, പത്രപരസ്യങ്ങൾ, കിടപ്പാടം പിടിച്ചെടുക്കൽ തുടങ്ങി വ്യാപകമായ രീതിയിൽ ലോണെടുത്ത മുഴുവൻ ആളുകളെയും മുദ്രകുത്താനും അപമാനിക്കാനും അവരെ തെരുവിലേയ്ക്ക്

തള്ളാനുമുള്ളതായിരിക്കുന്ന വലിയ നടപടികൾ ബാങ്കിൽനിന്ന് ആരംഭിച്ചിരിക്കുകയാണ്. കേരളത്തിൽ പതിനായിര കണക്കിനാളുകൾക്കാണ് ഇതുപോലെ നോട്ടീസുകൾ ലഭ്യമാക്കിയിരിക്കുന്നതും സർഫാസി നിയമം അടിച്ചേൽപ്പിക്കുന്നതും റിക്കവറി ജപ്തി നടപടികൾക്ക് നേതൃത്വം കൊടുത്തിട്ടുള്ളതും. വയനാട് ജില്ലയിലെ കണക്ക് ഞാൻ പറയാം. വയനാട് ജില്ലയിൽ കോവിഡ് മഹാമാരിയെക്കാൾ ഏറ്റവും കൂടുതൽ കർഷകർ/സാധാരണക്കാർ ഇന്ന് ഭയപ്പെടുന്നത് ബാങ്കുകളുടെ ജപ്തി ഭീഷണിയെയാണ്. 11600 ഓളം കർഷകർക്കെതിരെയാണ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചത്. 4440 കർഷകർക്ക് ജപ്തി നോട്ടീസ് ഇതുവരെ നൽകിക്കഴിഞ്ഞു. 2000 ത്തോളം കർഷകർക്കെതിരെ സർഫാസി നടപടികൾ പ്രയോഗിച്ച് തുടങ്ങി. ഇതൊരു സാമ്പത്തിക പ്രശ്നമല്ല, സാമൂഹിക പ്രശ്നമാണെന്നുള്ള ഒരു യാഥാർത്ഥ്യം സർക്കാരിന്റെ മുമ്പിലുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, 2018, 2019-ലെ പ്രളയം അതിനുശേഷമുള്ളതായിരിക്കുന്ന കോവിഡ് മഹാമാരി, അതിനെത്തുടർന്നുള്ളതായിരിക്കുന്ന ലോക്ക്ഡൗൺ, അതുപോലെതന്നെ

വിളനാശം, വിലത്തകർച്ച തുടങ്ങി വ്യാപകമായ പ്രശ്നങ്ങളിൽപ്പെട്ടുഴലുന്നതായിരിക്കുന്ന ഒരു സാഹചര്യമാണ്, അതിജീവനത്തിന് പാടുപെടുന്നതായിരിക്കുന്ന ഒരു സമയത്താണ് ഈ നടപടികളുമായി കേരളത്തിലെ മുഴുവൻ ധനകാര്യ സംവിധാനങ്ങളും ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. ആ ഇറങ്ങി പുറപ്പെട്ടതിൽ, നാഷണലൈസ്ഡ് ബാങ്കുകളുണ്ട് അതിന്റെകൂടെ സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതായ സഹകരണസ്ഥാപനങ്ങളായ കേരളബാങ്ക് ഉൾപ്പെടെ സർഫാസി നിയമം അടിച്ചേൽപ്പിക്കുകയാണ്. മക്കളുടെ വിവാഹത്തിന്, കാർഷികാവശ്യത്തിന്, ചികിത്സയ്ക്ക്, വിദ്യാഭ്യാസത്തിന്, ഭവന നിർമ്മാണത്തിന് തുടങ്ങി വിവിധ ആവശ്യങ്ങൾക്കുവേണ്ടി പണം എടുത്തതായിരിക്കുന്ന ആളുകൾക്കെതിരെ മുഴുവൻ ഇത് പ്രയോഗിക്കുകയാണ്. ആശങ്കയോടുകൂടിയാണ് ഇന്ന് കേരളത്തിൽ ലോൺ എടുത്തതായിട്ടുള്ള മുഴുവൻ ആളുകളും ജീവിക്കുന്നത്. ആത്മഹത്യകൾ അല്ലാതെ മറ്റൊരു വഴിയില്ലാത്ത സാഹചര്യത്തിലേയ്ക്ക് ലോൺ എടുത്തതായിരിക്കുന്ന മുഴുവൻ ആളുകളെയും നടത്തുകയാണ് കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങൾ ചെയ്യുന്നത്. ഈ സാഹചര്യം ഇങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ ഒരു കാരണവശാലും അനുവദിക്കരുത്.

മൊറട്ടോറിയം പ്രഖ്യാപിച്ചത് ആർ.ബി.ഐ. അംഗീകരിച്ചില്ല. മാത്രമല്ല, മൊറട്ടോറിയം സമയത്തുണ്ടായിരുന്ന പലിശ മുഴുവൻ കൊടുക്കേണ്ടതായിരിക്കുന്ന നോട്ടീസുകളാണ് കർഷകർക്ക് പിന്നീട് മുഴുവൻ വന്നിട്ടുള്ളത്. ഗൗരവകരമായിട്ടുള്ള സാഹചര്യമാണുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ടുമൂന്ന് കാര്യങ്ങൾ ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നു. അടിയന്തരമായി ലോണെടുത്ത കർഷകർക്കും സാധാരണക്കാർക്കുമെതിരായുള്ള ജപ്തി നടപടികളും സർഫാസി അടിച്ചേൽപ്പിക്കലും അടിയന്തരമായി അവസാനിപ്പിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശം നൽകണം. 72000 കോടി രൂപയുടെ കാർഷിക കടം ഈ രാജ്യത്ത് യു.പി.എ. സർക്കാർ ഡോ. മൻമോഹൻസിംഗ്....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്....

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ്. 72000 കോടി രൂപയുടെ കാർഷിക കടം ഡോ. മൻമോഹൻസിംഗ് പ്രധാനമന്ത്രിയായിരുന്ന സമയത്ത് എഴുതിത്തള്ളി. അതേമോഡലിൽ ഈ കേരളക്കരയിലെ കാർഷിക കടവും അനുബന്ധകടങ്ങളും എഴുതിത്തള്ളാനാവശ്യമായ നടപടികൾ

സ്വീകരിക്കണം. മുതലുകൾ സർക്കാർ അടയ്ക്കണം. പലിശ ബാങ്കിനെക്കൊണ്ട് ഏറ്റെടുപ്പിക്കണം. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കാർഷിക കടാശ്വാസ കമ്മീഷൻ ഇന്ന് കടലാസ് പുലിയാണ്. ഒരു നടപടിയും കാർഷിക കടാശ്വാസ കമ്മീഷൻ നാളിതുവരെയായി നടപ്പിലാക്കിയില്ല. 3 വർഷമായി സമ്പൂർണ്ണമായി നിശ്ചലമാണ്. മൊറട്ടോറിയംകൊണ്ട് പ്രയോജനമില്ല അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തരമായ നടപടി, പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിച്ചും അതുപോലെ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളിയും കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യ പ്രശ്നത്തെ പ്രതിരോധിക്കാനാവശ്യമായ അടിയന്തര നടപടി, മനുഷ്യത്വപരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തെത്തുടർന്ന് വിവിധ മേഖലകളിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ബാങ്കുകളിൽ നിന്നെടുത്ത എല്ലാ വായ്പകൾക്കും

1-3-2020 മുതൽ 31-8-2020-വരെ മൊറട്ടോറിയം നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കുകൾ വഴി റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി അർഹമായ വായ്പകൾക്ക് മൊറട്ടോറിയം, റീ-സ്ട്രച്ചറിംഗ് എന്നിവയ്ക്ക് 2021 ഡിസംബർ മാസം വരെ അനുവദിച്ചുനൽകിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകളിൽനിന്നും നൽകിയിട്ടുള്ള വിവിധതരത്തിലുള്ള വായ്പകളിൽ, വായ്പാതുക കുടിശ്ശികയായവയ്ക്ക് ഇളവുകളോടുകൂടി അവസാനിപ്പിക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ആർബിട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ജപ്തി നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതുമായ വായ്പകൾക്ക് മുൻഗണന നൽകുന്നതിനും ഈ പദ്ധതിയിലുൾപ്പെടുത്തി ഇളവുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകളായ സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ

മൊറട്ടോറിയം പ്രഖ്യാപിച്ച് റവന്യൂ വകുപ്പ് 22-10-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സംസ്ഥാനത്തെ വിവിധ മേഖലകളിൽ നടത്തിയിട്ടുള്ള ആശ്വാസനടപടികൾ ഞാനിവിടെ വിശദീകരിക്കുന്നില്ല. ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരുന്ന കോവിഡ് 19-ന്റെ നിയന്ത്രണത്തിനായി രാജ്യം മുഴുവൻ ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യകിറ്റ് ഉൾപ്പെടെയുള്ള ആശ്വാസ സഹായ പദ്ധതികൾ നമ്മൾ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ വിവിധ പദ്ധതികൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി നടപ്പിലാക്കി. വിളനാശം സംഭവിച്ച കർഷകർക്ക് ധനസഹായമായി ഈ സാമ്പത്തിക വർഷം മാത്രം 117.37 കോടി രൂപ കൃഷി വകുപ്പ് ഡയറക്ടർ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. കൃഷിവകുപ്പിന്റെ അഭ്യർത്ഥനപ്രകാരം 2020 ഒക്ടോബറിലുണ്ടായ പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങളെത്തുടർന്ന് കേരളത്തിലെ 11 ജില്ലകളിലെ വിവിധ താലൂക്കുകളെ ദുരന്തബാധിതമായി പ്രഖ്യാപിച്ചുകൊണ്ട് റവന്യൂ, ദുരന്തനിവാരണ വകുപ്പ് 03-02-2022-ലെ പ്രത്യേക ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയടക്കം നടപ്പിലാക്കുകയാണ്. ബാങ്കുകളുടെ കാര്യത്തിൽ മഹാഭൂരിപക്ഷം വരുന്ന ധനകാര്യസ്ഥാപനങ്ങൾ കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണെന്നുള്ള കാര്യം ഇവിടെ അറിയാവുന്നതാണ്. കേരളത്തിൽ ഇത്രയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. കർഷകരുടെ പ്രശ്നങ്ങളോട് വളരെ ഉദാരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിനകത്തുനിന്ന് ചെയ്യാവുന്ന അത്തരം കാര്യങ്ങൾ ഇനിയും ചെയ്യാം. കേന്ദ്രഗവൺമെന്റിനെ കൂടുതൽ ഇടപെടുത്തി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാനായി നമുക്ക് ശ്രമിക്കാവുന്നതാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിക്കാതെയും എഴുതിത്തള്ളാതെയും ഈ നടപടികൾകൊണ്ട് പൂർത്തീകരണമൊന്നും നടക്കില്ല. അതിൽ പ്രധാനപ്പെട്ടത്, 2019 നവംബർ 21-ന് നിയമസഭയിൽ കമ്മിറ്റിയെ നിയോഗിച്ച് സബ്മിറ്റ് ചെയ്ത ഒരു റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ കൃത്യമായി പറഞ്ഞിട്ടുണ്ട്. റിപ്പോർട്ട് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ആ റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.